കേരളം ഭ്രാന്താലയമാണെന്നു പറഞ്ഞത് സ്വാമി വിവേകാനന്ദ നാണ്. ഇവിടത്തെ മനുഷ്യത്വമില്ലാത്ത ജാതിചിന്തയായിരുന്നു അതിനു കാരണം.തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും പൊതുവഴിയിൽകൂടി നടക്കാൻ അനുവാദമില്ലാത്തവരുമായ ഒരു കൂട്ടം ജനങ്ങളുണ്ടായിരുന്ന ഒരു നാടായിരുന്നു ഇത്. അത്തരം ഒരു നീചമായ അവസ്ഥയിൽ നിന്ന് ഇന്നത്തെ കേരളത്തിലേക്കു നയിച്ച നവോത്ഥാന നായകനായിരുന്നു ശ്രീനാരായണ ഗുരു. അദ്ദേഹത്തിന്റെ മഹത്തായ ആദർശങ്ങൾ പിൻപറ്റി മനുഷ്യരെല്ലാം ഒരു ജാതിയിൽ പിറന്നവരാണ് എന്ന ബോധ്യം സാമാന്യജനത്തി നുണ്ടാകാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇവിടെ നടന്നു. ഇന്നും അതു തുടരുന്നു. ആ കർമ്മയോഗിയുടെ പ്രവർത്തന ത്തിന്റെ പ്രത്യേകതകളെക്കുറിച്ച് പ്രതിപാദിക്കുകയാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള.